മലപ്പുറം ജില്ലയിൽ പുതിയ ഫയർ സ്റ്റേഷൻ

59 [823] ശ്രീ. പി. കെ. അബ്ദുറബ്ബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ കോട്ടയ്ക്കലിനും, കക്കാടിനും ഇടയിൽ നാഷണൽ ഹൈവേയിൽ പുതിയ ഫയർ സ്റ്റേഷൻ നിർമ്മിക്കണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പി. ഡബ്ല്യു. ഡി. വക സ്ഥലം ലഭ്യമാണെന്നതിനാൽ ഇവിടെ ഫയർ സ്റ്റേഷൻ ആരംഭിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ, ബി) മലപ്പുറം ജില്ലയിലെ കോട്ടയ്ക്കൽ, സംസ്ഥാനത്ത് പുതിയതായി തുറക്കാനുദ്ദേശിക്കുന്ന ഫയർ സ്റ്റേഷനുകളുടെ മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ ഇത് സംബന്ധിച്ച് കോട്ടയ്ക്കൽ ഗ്രാമപഞ്ചായത്ത് പ്രൈവറ്റ് പ്രസിഡണ്ട് സമർപ്പിച്ച ഒരു നിവേദനം ലഭിച്ചിട്ടുണ്ട്. കോട്ടയ്ക്കൽ ഗ്രാമപഞ്ചായത്ത്, ദേശീയ പാതയിൽ നൽകാമെന്നേറ്റ സ്ഥലം സൗജന്യമായി നൽകുകയും കെട്ടിടം പണിയുന്നതുവരെ ഫയർ സ്റ്റേഷൻ പ്രവർത്തിപ്പിക്കുന്നതിന് പഞ്ചായത്ത് ചെലവിൽ സൗജന്യമായി സൗകര്യങ്ങൾ ലഭ്യമാക്കുകയും ചെയ്താൽ മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ആവശ്യമായ ഫണ്ടും ലഭ്യമായാൽ ഫയർ സ്റ്റേഷൻ ആരംഭിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്. കോട്ടയ്ക്കൽ ഫയർ സ്റ്റേഷനു വേണ്ടി പി. ഡബ്ല്യു. ഡി. വക സ്ഥലം ലഭ്യമാക്കിയിട്ടില്ല.

മഞ്ചേരിയിൽ ഫയർ സ്റ്റേഷൻ

60 [824] ശ്രീ. ഇസ്ഹാക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരിയിൽ ഫയർ സ്റ്റേഷൻ തുടങ്ങുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനായി സ്ഥലം വിട്ടുകിട്ടിയിട്ടുണ്ടോ;

(സി) ഫയർ സ്റ്റേഷൻ എന്നത്തേക്ക് തുടങ്ങാനാകുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്ത് പുതിയതായി തുടങ്ങാനുദ്ദേശിക്കുന്ന ഫയർ സ്റ്റേഷനുകളുടെ മുൻഗണനാ ലിസ്റ്റിൽ 19-ാമതായി മഞ്ചേരി ഉൾപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. ഡി. സുഗതൻ 5-7-2005-ൽ എം. എൽ. എ. സ്ഥാനം രാജിവെച്ചതിനാൽ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ (822) പരിഗണിക്കപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇല്ല.

(സി) ഫയർ സ്റ്റേഷനുവേണ്ടി സ്ഥലവും കെട്ടിടവും മറ്റ് സൗകര്യങ്ങളും ഒരുക്കുന്നതിന് മഞ്ചേരി നഗരസഭയോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത സൗകര്യങ്ങളും പൂർത്തിയാക്കുന്ന മുറയ്ക്ക് ആവശ്യമായ ഫണ്ടും ലഭ്യമായാൽ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നതാണ്.

പീരുമേട് ഫയർ സ്റ്റേഷൻ

61 [825] ശ്രീ. ഇ. എസ്. അഗസ്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പീരുമേട്ടിൽ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(ബി) പീരുമേട് ഫയർ സ്റ്റേഷൻ കെട്ടിടം പണിയുന്നതിന് ആവശ്യമായ ഭൂമി കൈമാറ്റം ചെയ്തുവോ എന്ന് അറിയിക്കുമോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന വ്യക്തമാക്കുമോ;

(സി) പീരുമേട് ഫയർ സ്റ്റേഷന്റെ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പുതിയ ഫയർസ്റ്റേഷനുകൾ തുറക്കുന്നതിനുള്ള മുൻഗണനാപട്ടികയിൽ 32-ാമതായി പീരുമേട് ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) ഭൂമി കൈമാറുന്നതിനുള്ള നടപടി ലാൻഡ് റവന്യൂ കമ്മീഷണർ സ്വീകരിച്ചുവരുന്നു.

(സി) ഭൂമി കൈമാറിക്കിട്ടുകയും ഫയർ സ്റ്റേഷന് ആവശ്യമായ കെട്ടിടം പണി പൂർത്തിയാകുകയും, തസ്തികകൾ സൃഷ്ടിച്ചും വാഹനങ്ങളും മറ്റ് ഉപകരണങ്ങളും വാങ്ങുന്നതിനുള്ള അനുമതിയും ഫണ്ടും ലഭിക്കുന്ന മുറയ്ക്ക് പീരുമേട് ഫയർ സ്റ്റേഷൻ പ്രവർത്തനം ആരംഭിക്കാവുന്നതാണ്.

തളിപ്പറമ്പ് ഫയർ ആൻഡ് റസ്ക്യൂ സ്റ്റേഷൻ

62 [826] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

തളിപ്പറമ്പ് ഫയർ ആൻഡ് റസ്ക്യൂ സ്റ്റേഷനുവേണ്ടി സർക്കാർ സ്ഥലം ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള നടപടി ക്രമം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

ഗ്രാമവികസന വകുപ്പിന്റെ അധീനതയിലുള്ള സ്ഥലം തളിപ്പറമ്പ് ഫയർ ആൻഡ് റെസ്ക്യൂ സ്റ്റേഷന് വേണ്ടി ഫയർ ആൻഡ് റെസ്ക്യൂ സർവ്വീസസ് വകുപ്പിന് വിട്ടുനൽകുന്നതിനുള്ള സമ്മതപത്രത്തിനായി തിരുവനന്തപുരം ഗ്രാമവികസന വകുപ്പ് കമ്മീഷണറോട് അഭ്യർത്ഥിച്ചിട്ടുണ്ട്. പ്രസ്തുത സമ്മതപത്രം ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly